(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

ലോക്കൽ ഫണ്ട് ഒാഡിറ്റ് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം, കോട്ടയം- 686002

deputydlfa.distktm@gmail.com

www.lfa.kerala.gov.in

ഫോൺ : 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

വാകത്താനം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വാകത്താനം ഗ്രാമപഞ്ചായത്ത് - 13-14 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-6ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-1,3-4.3-5.3-6,3-7,3-8 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)ഒാഫീസ് കോപ്പി

എൽ.എഫ്.കെ.പി.3/777/15 തീയതി 01.08.2015

# കോട്ടയം ജില്ലയിലെ വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) വകുപ്പ്, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം പതിമൂന്നാം വകുപ്പ്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്. )

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. വർഗ്ഗീസ് ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| അക്കൗണ്ട്സ് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | LFKP.14/GP.66/2014 തീയതി.31.12.2014 |

## ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കി.

വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 1.8.14മുതൽ 31.5.2015 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തികയും |
|---|---|
| 10.6.2015<br>മുതൽ<br>20.6.2015വരെ | ശ്രീമതി.രേഖ. ആർ , ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ആർ മായ അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി ലേഖ.വി അസി.ഓഡിറ്റ് ഓഫീസർ<br>ശ്രീമതി.ശ്രീലത.ആർ.ബി സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ.ജോർജ്ജുകുട്ടി ജോസഫ്, ഓഡിറ്റർ |

## നിർവഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി .ലൈസാമ്മ ജോർജ്<br>1.4.13-8.11.13<br>ശ്രീജോഷിഫിലിപ്പ്(വൈസ് പ്രസിഡന്റ്)<br>9.11.13-2.12.13<br>ശ്രീമതി .മറിയാമ്മ തോമസ്<br>3.12.13-31.3.14 |
| സെക്രട്ടറി | ശ്രീ.സി.പി വേണുഗോപാൽ,അസി.സെക്രട്ടറി (സെക്രട്ടറിയുടെ അധികച്ചുമതല)<br>1.4.13-6.8.13 &17.10.13-12.2.14<br>ശ്രീമതി.കെ.എൻ.ഗിരിജമ്മ,സെക്രട്ടറി<br>7.8.13-15.10.13<br>ശ്രീ.രാജ്കുമാർ ജി, സെക്രട്ടറി<br>13.2.14-31.3.14 |

## സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻമാർ

| | |
|---|---|
| വികസനകാര്യം | ശ്രീമതി ടെസ്സി ജോസഫ് |
| ക്ഷേമ കാര്യം | ശ്രീ എം.എം കൃഷ്ണൻ കുട്ടി |
| ആരോഗ്യ വിദ്യാഭ്യാസം | ശ്രീമതി സിനി മാത്യു |
| | |

| | |
|---|---|
| ധനകാര്യം | ശ്രീ ജോഷി ഫിലിപ്പ് |

## നിർവഹണോദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ. വിനയദാസ്<br>(1.4.13 – 17.5. 13<br>ശ്രീമതി രശ്മി.എസ്.കുമാർ<br>18.5.13-31.3.14 | അസിസ്റ്റന്റ് എഞ്ചിനിയർ |
| ശ്രീമതി.ബിന്ദു.റ്റി | അഗ്രി.ഓഫിസർ |
| ശ്രീ ഹസീം | വി.ഇ.ഒ. |
| ശ്രീമതി ഷൈല ഇ | വി.ഇ.ഒ.(01.10.13-31.03.14) |
| ഡോ.ലൗലി ഫിലിപ്പ് | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| ഡോ.ഫെലിസിറ്റ പ്രോത്താസിസ് | വെറ്റിനറി സർജൻ |
| ശ്രീമതി .രശ്മി റ്റി.എസ് | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ഡോ.ലീന ജാസ്മിൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| ഡോ.ഷീജ തങ്കപ്പൻ | മെഡിക്കൽ ഓഫീസർ, പിഎച്ച്സി |
| ശ്രീ.വിനോദ് ആർ.എസ്. | ഡയറി ഫാം ഇൻസ്ട്രക്ടർ |

## റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിട്ടുള്ള വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്

ഭാഗം 1 : പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദേശങ്ങളും.

ഭാഗം 2 : വരവ് കണക്കുകളുടെ ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും പഞ്ചായത്തിന്റെ വരവിനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ , ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 3 : ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം 4 : ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

## അനുബന്ധ പത്രികകൾ

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ്
3. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്
4. റെസീപ്റ്റ് & പേമെന്റ്അക്കൗണ്ട്

# ഭാഗം-1 പൊതു അവലോകനം

### 1.1ബജറ്റ്

പഞ്ചായത്ത് കമ്മിറ്റിയുടെ 21.03.13ലെ ഒന്നാംനമ്പർ തീരുമാന പ്രകാരം 2013-14 വർഷത്തേക്കുള്ള ബജറ്റ് അംഗീകരിച്ചിട്ടുണ്ട്.ബജറ്റ് പ്രകാരമുള്ള വരവ് - ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| | |
|---|---|
| മുന്നിരിപ്പ് | 2219000/- |
| വരവ് | 131388750/- |
| ആകെ | 133607750/- |
| ചെലവ് | 126926000/- |
| നീക്കിയിരുപ്പ് | 6681750/- |

ഓഡിറ്റ് ചെയ്ത കണക്കുകൾ പ്രകാരം സാമ്പത്തിക വർഷത്തെ ആകെ വരവ് 74990102.5 രൂപയും ആകെ ചെലവ് 61999211 രൂപയുമാണ്.പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ യഥാർത്ഥ വരവു ചെലവുകളുമായി വലിയ അന്തരം പുലർത്തുന്നു.യാഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

**പദ്ധതി അംഗീകാരത്തിനുശേഷം ബജറ്റ് പുതുക്കിയില്ല**

തദ്ദേശ സ്വയം ഭരണ സ്ഥാപനം അംഗീകരിക്കുന്ന ഓരോ സാമ്പത്തിക വർഷത്തെയും ബജറ്റിൽ ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച പദ്ധതികൂടി ഉൾപ്പെടുത്തേണ്ടതാണെന്ന നിർദ്ദേശം പാലിച്ചിട്ടില്ല.പദ്ധതിക്ക് അംഗീകാരം ലഭിച്ച 27/05/2014 ന് ശേഷം ബജറ്റ് പുതുക്കാതിരുന്നത് പദ്ധതി ആസൂത്രണ മാർഗരേഖ (ജി.ഒ.(എം.എസ്.)നം.225/2012/തസ്വഭവ/തീയതി 18.08.2012 പ്രകാരം പുറപ്പെടുവിച്ചത്) ഖ.നം-14 ന്റെ ലംഘനമാണ്.ഏതെങ്കിലും കാരണവശാൽ ബജറ്റ് അംഗീകാരം ലഭിക്കുന്നതിന് മുൻപായി പദ്ധതിക്ക് അംഗീകാരം ലഭിച്ചില്ലായെങ്കിൽ,അംഗീകാരം ലഭിച്ചയുടൻ പദ്ധതി കണക്കുകൾ കൂടിയുൾപ്പെടുത്തി ബജറ്റ് പുതുക്കി തയാറാക്കേണ്ടതും പുതുക്കിയ ബജറ്റ് ഭരണസമിതി അംഗീകരിക്കേണ്ടതുമാണ്.

**1.2 രജിസ്റ്ററുകളുടെ സൂക്ഷിപ്പ്**

വരവിനങ്ങളായ തൊഴിൽ നികുതി ,വാടക എന്നിവയുടെ രജിസ്റ്ററുകൾ ശരിയായ രീതിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസിന്റെ ഡിമാൻഡ് രജിസ്റ്ററിൽ വാർഡുതലത്തിലുള്ള ഡിമാൻഡുകൾ തയാറാക്കാതെ ലൈസൻസിനായി പഞ്ചായത്തിനെ സമീപിക്കുന്നവരുടെ ക്രമത്തിൽ പോസ്റ്റിംഗുകൾ നടത്തിയിരിക്കുന്നു. ഡി ആൻഡ് ഒ ട്രേഡ് ലൈസൻസ് ഫീസിന്റെ ഡിമാൻഡ് രജിസ്റ്ററിൽ തന്നെയാണ് വ്യാപാര സ്ഥാപനങ്ങളുടെ തൊഴിൽ നികുതി വിശദാംശങ്ങൾ രേഖപ്പെടുത്തിയിരുന്നത്. കെട്ടിടനികുതിയുടെ കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എഴുതി പൂർത്തീകരിച്ചിട്ടില്ല. സ്യൂട്ട് രജിസ്റ്റർ ശരിയായരീതിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

തനത് ഫണ്ട് വരവുകൾ

തനത് വരുമാനം പിരിച്ചെടുക്കുന്നതിൽ പുരോഗതി കാണുന്നില്ല. വസ്തു നികുതി കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.നികുതി വരവിൽ മുൻ വർഷത്തേക്കാൾ ഏകദേശം 5 ലക്ഷം രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്. തനത് വരുമാന സ്രോതസുകൾ കൃത്യമായി പിരിച്ചെടുക്കുവാൻ ശുഷ്കാന്തി കാണിക്കേണ്ടതാണ്.

# ഭാഗം -1
# പൊതു അവലോകനം
# പൊതു അവലോകനം

## 1-3 വാർഷികപദ്ധതി

കോട്ടയം ജില്ലാ ആസൂത്രണസമിതിയുടെ 812/13/DPC/DPO/KTM തീ. 17.05.2014 നടപടിക്രമങ്ങൾ പ്രകാരം പദ്ധതിക്ക് അന്തിമഅംഗീകാരം ലഭിച്ചിരുന്നു. പൊതുവിഭാഗത്തിൽ വിഭാവനം ചെയ്ത 207 പ്രോജക്റ്റുകളും പ്രത്യേക ഘടക പദ്ധതിയിലുൾപ്പെടുത്തിയ 23 പ്രോജക്റ്റുകളും പട്ടിക വർഗ്ഗ ഉപപദ്ധതിയിലുൾപ്പെടുത്തിയ 7 പ്രോജക്ടുകളും ഉൾപ്പെടെ ആകെ 237 പ്രോജക്റ്റുകൾക്ക് അംഗീകാരം ലഭിച്ചിരുന്നു. എന്നാൽ 159 പ്രോജക്ടുകൾ മാത്രമാണ് തൻവർഷം നടപ്പാക്കിയത് .

പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ പ്രകാരമുള്ള നിർദ്ദേശങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് 2013-14 വർഷത്തെ പദ്ധതി തയ്യാറാക്കിയത് എന്ന് കാണുന്നു. വർക്കിങ്ങ് ഗ്രൂപ്പുകൾ അവരവരുടെ വിഷയം സംബന്ധമായചുമതലകൾ പൂർണ്ണമായും നിറവേറ്റിയിട്ടില്ല. വർക്കിങ്ങ്ഗ്രൂപ്പുകൾ രൂപികരിച്ചിട്ടുണ്ടെങ്കിലും അവ പ്രത്യേകം യോഗം ചേർന്നിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കൽ, ലീഡ് ബാങ്കുകളുമായി ചർച്ച, സ്റ്റേക്ക് ഹോൾഡേഴ്സ് യോഗം എന്നിവ നടത്തിയിട്ടുണ്ട്.

**പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് ആവിഷ്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ എണ്ണം**

| വിഭാഗം | ആവിഷ്കരിച്ച പ്രോജക്ടുകൾ | | | നടപ്പാക്കിയവ | | |
|---|---|---|---|---|---|---|
| | പുതിയവ | തുടർപ്രോജക്ടുകൾ | ആകെ | പുതിയവ | തുടർപ്രോജക്ടുകൾ | ആകെ |
| ജനറൽ | 122 | 85 | 207 | 90 | 50 | 140 |
| എസ്.സി.പി. | 14 | 9 | 23 | 9 | 6 | 15 |
| ടി.എസ്.പി. | 3 | 4 | 7 | 3 | 1 | 4 |
| ആകെ | 138 | 98 | 237 | 102 | 57 | 159 |

വാർഷികപദ്ധതിക്ക് വിവിധ സ്രോതസ്സുകളിൽ നിന്ന് ആകെ 64861909രൂപ വകയിരുത്തുകയും 34386233രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ചെലവ് ശതമാനം : 53

**വാർഷികപദ്ധതിക്കുവേണ്ടി വകയിരുത്തിയ തുകയുടെ സ്രോതസ്സ് അടിസ്ഥാനമാക്കിയുള്ള വരവുചെലവ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു**.

| സ്രോതസ്സ് | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| വികസനഫണ്ട് | 30120709 | 23963938 |
| ആസ്തിപരിപാലഗ്രാന്റ്- റോഡ് | 5485344 | 4522635 |
| | | |

| | | |
|---|---|---|
| ആസ്തിപരിപാലനഗ്രാന്റ്- റോഡിതരം | 3932919 | 3424566 |
| കേന്ദ്രാവിഷ്കൃതപരിപാടി | 2398000 | 1141760 |
| സംസ്ഥാനാവിഷ്കൃതപരിപാടി | 1539000 | 312175 |
| തനതുഫണ്ട് | 7083237 | 881219 |
| മറ്റുള്ളവ | 14302700 | 139940 |
| ഒട്ടാകെ | 64861909 | 34386233 |

**സർക്കാരിൽ നിന്ന് ലഭ്യമായ വിവിധ ഗ്രാന്റുകളുടെ തൻവർഷവരവുചെലവ് സംക്ഷിപ്തം**

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവുശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 2069136 | 10642000 | 12711136 | 10498880 | 2212256 | 82 |
| എസ്.സി.പി | 2740755 | 2983000 | 5723755 | 3313418 | 2410337 | 58 |
| റ്റി.എസ്.പി | 220741 | 287000 | 507741 | 261000 | 246741 | 51 |
| സി.എഫ്.സി ഗ്രാന്റ് | 536509 | 5502791 | 6039300 | 5778351 | 260949 | 96 |
| കെ.എൽ. ജി എസ്. ഡി.പി | 1969329 | 2994000 | 4963329 | 4112289 | 851040 | 85 |
| എം.ജി (റോഡ്) | 1541144 | 3825000 | 5366144 | 4522635 | 843509 | 84 |
| എം.ജി(നോൺ റോഡ്) | 1638671.5 | 2365000 | 4003671.5 | 3424566 | 579105.50 | 86 |

2011-12 വർഷം മെയിന്റനൻസ്ഗ്രാന്റിൽ(റോഡിതരം) നിശ്ചിതശതമാനം തുക ചെലവഴിക്കുവാൻ സാധിക്കാതിരുന്നതിനാൽ 2013-14 വർഷം അർഹമായ വിഹിതത്തിൽ നിന്നും 4,60,000/-കുറവ് ചെയ്തിരുന്നു. 2013-14 വർഷവും റോഡിതരമെയിന്റനൻസ് ഗ്രാന്റിൽ നിന്നും 59%മാത്രമേ ചെലവഴിക്കുവാൻ സാധിച്ചിരുന്നുള്ളൂ.

ഉത്പാദന മേഖലയിൽ കർഷകർക്ക് വളം, വിത്ത്, ക്ഷീരകർഷകർക്ക് കാലിത്തീറ്റ എന്നിവവിതരണം ചെയ്തു. കന്നുകുട്ടി പരിപാലനപദ്ധതിക്കായി തുക ചെലവഴിച്ചിട്ടുണ്ട്. സേവനമേഖലയിൽ കിണർ നിർമ്മാണം, പാലിയേറ്റീവ് പരിചരണം, വിവിധ അംഗൻവാടികളുടെ പുനരുദ്ധാരണം തുടങ്ങിയവ നടപ്പാക്കി. പശ്ചാത്തല മേഖലയിൽ തെരുവുവിളക്ക് അറ്റകുറ്റപ്പണിക്കായി 4 പ്രോജക്ടുകളും നടപ്പാക്കിയിരുന്നു. 48 റോഡുകൾ കോൺക്രീറ്റിങ്ങും22റോഡുകൾ റീടാറിങ്ങും നടത്തിയിട്ടുണ്ട്.

## ഭാഗം 2 വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## ഭാഗം -2
## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ നിലനിർത്തിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകൾ പരിശോധിച്ചതിൽ ദീർഘനാളുകളായി ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ സൂക്ഷിക്കുന്നതായി കണ്ടു.

പെൻഷൻ വിതരണത്തിനായി ജില്ലാ സഹകരണബാങ്കിൽ 2 അക്കൗണ്ടുകൾ നില നിർത്തിയിട്ടുണ്ട്. നിർത്തലാക്കിയ എസ്.ജി.ആർ.വൈ. അക്കൗണ്ട് നാളിതുവരെ ക്ലോസ് ചെയ്തിട്ടില്ല. എം.എൻ.ലക്ഷം വീട് പദ്ധതിയ്ക്ക് വേണ്ടി ഇപ്പോഴും ഒരു അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. പണമിടപാടുകളില്ലാത്ത അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 വാടക ഈടാക്കിയിട്ടില്ലാത്തത്

മാർക്കറ്റ് ഷോപ്പിംഗ് കോംപ്ലക്സിലെ 8/952/10-ാംനമ്പർ മുറി 2013-14 ൽ പ്രതിമാസം 1913/രൂപ വാടക നിരക്കിൽ ശ്രീ.എം.കെ.രാഘവൻ,താനാകുളം,വാകത്താനം എന്നയാൾക്കാണ് നൽകിയിരുന്നത്. എന്നാൽ ടിയാൾ തൻ വർഷം വാടകയൊന്നും അടവാക്കിയിട്ടില്ല. ടിയാനിൽ നിന്നും വാടകയിനത്തിൽ 22956/രൂപയും പിഴപലിശയും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

താഴെ പറയുന്ന സ്ഥാപനങ്ങളുടെ 2013-14 സാമ്പത്തികവർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമനം | സ്ഥാപനത്തിന്റെ പേര് | നികുതിഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, വാകത്താനം | I |
| 2 | സൗത്ത് ഇൻഡ്യൻ ബാങ്ക് ലിമിറ്റഡ്, വാകത്താനം | I&II |
| 3 | ടോംസ് പൈപ്പ്, തോട്ടയ്ക്കാട് | I&II |
| 4 | കടന്തോട് ചിട്ടിഫണ്ട് | I&II |
| 5 | കരപ്പാറ ചിട്ടിഫണ്ട് | I&II |
| 6 | കളത്തിങ്കൽ ബാങ്കേഴ്സ് | I&II |
| 7 | നീതി സ്റ്റോർ | I&II |
| 8 | സപ്ളൈകോ മെഡിക്കൽ സ്റ്റോർ | I&II |

മേൽ സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്

## 2-4 ഡി ആന്റ് ഒ ട്രേഡ് ലൈസൻസ്& പാരാമെഡിക്കൽ രജിസ്ട്രേഷൻ

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിയ്ക്കുന്ന താഴെ കൊടുത്തിരിയ്ക്കുന്ന സ്ഥാപനങ്ങൾ 2013-14 വർഷം ഡി ആന്റ് ഒ ട്രേഡ് ലൈസൻസ് എടുക്കാതെയും പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെയും പ്രവർത്തിച്ചതായി കാണുന്നു.

| | |
|---|---|
| യൂണികെയർ ലാബ് | വാകത്താനം |
| ഉഷസ്സ് ക്ളിനിക്കൽ ലാബ് | വാകത്താനം |
| മാതാ ചിൽഡ്രൻസ് ക്ലിനിക്ക് | വാകത്താനം |
| ജ്യോതി ലബോറട്ടറി | വാകത്താനം |
| കെയർ ഡന്റൽ ക്ലിനിക്ക് | വാകത്താനം |

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിയ്ക്കുന്ന എല്ലാ പാരാമെഡിക്കൽ സ്ഥാപനങ്ങളും ഡി ആന്റ് ഒ ട്രേഡ് ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവ എടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## ഭാഗം 3ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മുൻകൂർ നൽകിയത് അഡ്ജസ്റ്റ് ചെയ്തിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ വൗച്ചർ നം 21200289/01.02.13 പ്രകാരം ട്രാൻസ്ഫർ പേ അഡ്വാൻസ് ആയി 19740/- രൂപ ശ്രീ.എം.കെ ബാബു അക്കൗണ്ടന്റിന് നൽകിയിട്ടുണ്ട്.ടി തുക നാളിതുവരെ അഡ്ജസ്റ്റ് ചെയ്തിട്ടില്ല. ടിയാളിൽ നിന്നും തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വനിതാ വ്യവസായ പരിശീലനകേന്ദ്രംനിർമ്മാണം-അധികം തുക നൽകി

| നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ | |
|---|---|
| പ്രോജക്റ്റ് നം | 110/14 |
| അടങ്കൽ | 5,00,000(വികസന ഫണ്ട്) |
| ചെലവ് | 4,39035/-<br>Ist part bill=2,34,435/-DD no-521614/10-4-13<br>IInd “ =87,935/-DD no-546761/6-11-13<br>III rd& final=1,16,665DD no-204617/19-11-14 |

| | |
|---|---|
| | |
| കൺവീനർ | മഹേഷ്.പി.ആർ, ഉണ്ണാമറ്റം |
| കരാർ നം | 24/AE/LSGD/VKTNM/2011-12 dt 27-3-12 |

കാരക്കാട്ടു കുന്ന് എന്ന സ്ഥലത്ത് 2011-12 ൽ നിർമ്മാണം ആരംഭിച്ച വനിതാ വ്യവസായ പരിശീലനകേന്ദ്രം നിർമ്മാണത്തിനായി കരാറുകാരന്റെ ലാഭം ഉൾപ്പെടുത്താതെ 2010 ലെ റിവൈസ്ഡ് ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. എസ്റ്റിമേറ്റിലെ 7-ാം മത്തെ ഇനം Cement solid block brick masonary in CM 1:6 for superstructure (40x25x15 size)എന്നതാണ്. ഇതിൽ ആകെ വേണ്ടിവരുന്ന അളവായ 19.31m3 ൽ നിന്നും റോളിങ്ങ് ഷട്ടർ1.25m3 ഉൾപ്പടെ ഡോറുകൾ,വിൻഡോ,വെന്റിലേറ്റർ എന്നിവയുടെ അളവുകളായ 4.66 m3കുറവ് ചെയ്ത് ലഭിക്കുന്ന 14.65 m3, 15m3 ആയി റൗണ്ട് ചെയ്ത് 3291/m3 നിരക്കിൽ നൽകുവാനാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ M Book No 4(a)/12-13 പേജ് 7 ൽ റോളിങ്ങ് ഷട്ടറിന്റെ അളവ് (1.25m3) കുറവ് ചെയ്യാതെയാണ് ആകെ പൂർത്തീകരിച്ച അളവ് രേഖപ്പെടുത്തിയത്. കൂടാതെ എം ബുക്ക് പേജ് 18പ്രകാരവും ഇതേ ഇനത്തിൽ ചെയ്ത പ്രവൃത്തിയ്ക്ക് 29.4x0.20x0.75 =4.41 m3 എന്നതിന് പകരം തെറ്റായി 29.4x0.20x0.75 = 7.89m3 എന്ന് കണക്കാക്കിയത് മൂലവും അധികം തുക കൺവീനർക്ക് നൽകുവാനിടയായിട്ടുണ്ട്. അധികം നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**നൽകാവുന്ന തുക**

| | |
|---|---|
| Cement solid block brick masonary എം ബുക്ക് പേജ് 7 പ്രകാരമുള്ള അളവ്<br>2x8.31x0.20x2.10<br>3x4.27x0.20x2.10<br>1x2.77x0.20x2.10 | ഡോറുകൾ, വിൻഡോ, വെന്റിലേറ്റർ എന്നിവയുടെ അളവ് കുറവ് ചെയ്തതിന് ശേഷമുള്ള അളവ്<br>10.094m3 |
| Cement solid block brick masonary എം ബുക്ക് പേജ് 18 പ്രകാരമുള്ള അളവ്<br>29.4x0.20x0.75 | ലിന്റലിന് മുകൾവശം<br>4.41 m3 |
| ആകെ അളവ് | 14.504m3 |
| റോളിങ്ങ്ഷട്ടറിന്റെ അളവ്<br>(കുറവ് ചെയ്യുക) | (-)1.25m3 |
| ബാക്കി അളവ് | 13.254m3 |
| നൽകാവുന്ന തുക | 13.254m3 @3291/m3 =43,618.91 |
| നൽകിയ തുക (എം.ബുക്ക് പേജ് നം. 23 പ്രകാരം) | 15m3 @3291/m3 =49,365.00 |
| അധികം നൽകിയതുക | 5746.09 |

അധിക തുക അനുവദിച്ചത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകുകയുണ്ടായില്ല. അധികമായി നൽകിയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയർ ശ്രീമതി രശ്മി എസ്.കുമാറിൽ നിന്നും ഇൗടാക്കേണ്ടതാണ്. വനിതകൾക്ക് തയ്യൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ തയ്യാറാക്കിയ പ്രസ്തുത കെട്ടിടത്തിൽ നാളിതുവരെ യാതൊരു പരിശീലനവും നടത്തിയതായി കാണുന്നില്ല. ആയതിനാൽ പ്രോജക്ട് ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. വിഭാവനം ചെയ്ത ലക്ഷ്യം കൈവരിക്കുന്നതിലേക്ക് ആത്മാർത്ഥമായ ശ്രമങ്ങളുണ്ടാവേണ്ടതുണ്ട്. ഈ വിഷയത്തിലേക്ക് ഭരണ സമിതിയുടെ സവിശേഷ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-3 ചെത്തിക്കുളം സായാഹ്ന വിശ്രമ കേന്ദ്രം അറ്റകുറ്റപ്പണി-- അധിക നിരക്ക് അനുവദിച്ചു

| | |
|---|---|
| പ്രോജക്റ്റ് നം | 83/14 |
| അടങ്കൽ | 1,30,000/- രൂ |
| ചെലവ് | 98551/-രൂ<br>(DD No-896912/22-4-14) |
| കൺവീനർ | ശ്രീമതി വിജിമോൾ.കെ.ജി |

ഗ്രാമ പഞ്ചായത്ത് 6-)ം വാർഡിലുള്ള ചെത്തിക്കുളം സായാഹ്നവിശ്രമ കേന്ദ്രത്തിന് അറ്റകുറ്റപ്പണികൾക്കായി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം 2007-08 ൽ നിർമ്മിച്ച പ്രസ്തുത കെട്ടിടത്തിന്റെ കേടായ ജനൽ ,വാതിലുകൾ എന്നിവ നീക്കം ചെയ്യുന്നതിനും മേൽക്കൂര റീറൂഫിങ്ങ് നടത്തുന്നതിനും ഉദ്ദേശിച്ചിരുന്നു.2012 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം ലാഭവിഹിതം ഉൾപ്പെടാതെ തയ്യാറാക്കിയതായിരുന്നു എസ്റ്റിമേറ്റ്. പ്രസ്തുത പ്രോജക്റ്റിന്റെ നിർവ്വഹണത്തിൽ കാണപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എസ്റ്റിമേറ്റിലെ 7-)മത്തെ ഇനമായി 10 AC ഷീറ്റുകൾ (3.6 x1.00) നീക്കം ചെയ്യുകയും വീണ്ടും ഉപയോഗത്തിനായി stack ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ 8-)മത്തെ ഇനമായി റൂഫിങ്ങ് നടത്തുന്നതിന് പുതിയ AC ഷീറ്റ് ഉപയോഗിച്ചുള്ളതിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. പഴയ ഷീറ്റുകൾ ഉപയോഗ്യമല്ലായെങ്കിൽ ടി വിവരം M-Book ൽ ചേർക്കേണ്ടിയിരുന്നു. എന്നാൽ M-Book ൽ രേഖപ്പെടുത്തലുകൾ ഒന്നും വരുത്തിയിട്ടില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ഇനം | അളവ്/നിരക്ക് |
|---|---|
| ഇനം : 7 എസി ഷീറ്റ് നീക്കം ചെയ്യൽ --10എണ്ണം | 45m2 @117/m2=5265 |
| നൽകിയ തുക | |
| ഇനം : 8 എസി ഷീറ്റ് ഉപയോഗിച്ച് റൂഫിംഗ് ചെയ്യൽ (ഷീറ്റ്-10 എണ്ണം) | 45m2 @3661/10m2=16475 |
| നൽകാവുന്ന തുക | |
| എസ്റ്റിമേറ്റിലെ 8-)മത്തെ ഇനംപ്രകാരം റൂഫിങ്ങ് ചെയ്ത AC sheet---10 എണ്ണം | 45m2 @877.16/10m2=3947<br>(1.35 carpenter @373.75=504.56<br>1.35 men @276 =372.6<br>___________<br>877.16 |
| അധികം നൽകിയതുക | |
| | 16475 -3947 =12527 |

എസ്റ്റിമേറ്റ് തയ്യാറാക്കിയ അസി.എഞ്ചിനീയർ ശ്രീ.വിനയദാസും, അളവുകളെടുത്ത അസി.എഞ്ചിനീയർ ശ്രീമതി രശ്മി എസ്.കുമാറും തുല്യ ഉത്തരവാദികളാണ്. എസ്റ്റിമേറ്റ് പ്രകാരമുള്ള മുഴുവൻ വർക്കുകളും കൺവീനർ പൂർത്തിയാക്കിയിരുന്നില്ല. മുഴുവൻ ഇനങ്ങളും പൂർത്തിയാക്കാതെ കൺവീനർ പ്രസ്തുത വർക്കിൽ നിന്നും പിൻമാറിയിട്ടുണ്ട്. എസ്റ്റിമേറ്റിലെ 16-) മത്തെ ഇനമായ യാർഡ് പേവിങ്ങ് പൂർത്തിയാക്കാൻ അവശേഷിക്കുന്നു. തുടർ വർഷങ്ങളിലും പ്രോജക്റ്റ് ഒന്നും തയ്യാറാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്റ്റിനൊപ്പം ഗുണഭോക്തൃസമിതി യോഗം ചേർന്ന് കൺവീനറെ തെരഞ്ഞെടുത്തതിന്റെ വിശദാംശങ്ങൾ, വാങ്ങിയ സാമഗ്രികളുടെ ബില്ലുകൾ എന്നിവ ഇല്ല. മസ്റ്റർ റോളിൽ ഒപ്പു രേഖപ്പെടുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകുകയുണ്ടായില്ല. മേൽപറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിലും പ്രോജക്റ്റ് പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ചെലവുതുകയായ 98551/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഗുണഭോക്താക്കൾക്ക് ധനസഹായംനൽകിയത്

ഗ്രാമവികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ചില ഗുണഭോക്താക്കൾക്ക്കിണർ നിർമ്മാണം,വീട് പുനരുദ്ധാരണം എന്നിവയ്ക്ക് ധനസഹായം നൽകിയിരിക്കുന്നത് വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെയാണ്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ പേര്,നമ്പർ | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ഡി.ഡി.നം.,തീയതി | |
|---|---|---|---|---|
| കിണർനിർമ്മാണം(ജനറൽ) 175/13-14 | ബാബുചാക്കോതുഞ്ചത്ത്കാലായിൽ,<br>നാലുന്നാക്കൽ | 15,000 | 522931/11.07.13 | |
| “ | ചാക്കോ പത്രോസ്,തുരുത്തിപറമ്പിൽ,<br>ഉമ്പിടി.പി.ഒ.<br>ഏലിയാമ്മ തോമസ്,കൊച്ചുകാലായിൽ ,തൃക്കോതമംഗലം | 15,000<br>7500 | 523389/19.08.13<br>546744/5.11.13 | |
| | | | | |

| | | | | |
|---|---|---|---|---|
| സ്ത്രീകുടുംബനാഥയായുള്ള വീട് പുനരുദ്ധാരണംso.170/14 | രാജമ്മ,പുതുപറമ്പ്,ഉമ്പിടി.പി.ഒ | 20,000 | 523376/19.08.13 | |

മൂല്യ നിർണ്ണയ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 57500രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 കുഴൽക്കിണർ നിർമ്മാണം, മെയിന്റനൻസ്-പൂർത്തീകരണവിവരങ്ങൾ ലഭ്യമല്ല

ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം പട്ടികജാതി കോളനികളിൽ കുഴൽക്കിണർ നിർമ്മാണം(പ്രോജക്റ്റ് നം 251/14), കുഴൽക്കിണർ മെയിന്റനൻസ്(പ്രോജക്റ്റ് നം 29/14) എന്നിവയ്ക്കായി യഥാക്രമം 3ലക്ഷം ഡി.ഡി.നം.896407/02.04.14, 2ലക്ഷം ഡി.ഡി.നം.791294/19.02.14 വീതം അടങ്കലിൽ പ്രോജക്റ്റ് തയ്യാറാക്കുകയും ഡിസ്ട്രിക്റ്റ് ഓഫീസർ, GWD,കോട്ടയംഎന്ന പേരിൽ തുക നിക്ഷേപിക്കുകയും ചെയ്തിരുന്നു.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | സ്ഥലം |
|---|---|
| **പട്ടികജാതി കോളനികളിൽകുഴൽക്കിണർ നിർമ്മാണം (പ്രോ.നം 251/14)** | |
| 2 | കൊടൂരാർ വാലി |
| 4 | ഞാലിയാകുഴി |
| 9 | എഴുവന്താനം |
| 14 | ഉണ്ണാമറ്റം |
| 17 | പുത്തൻചന്ത |
| 13 | മണികണ്ഠപുരം |
| **കുഴൽക്കിണർ ഉപയോഗ്യമാക്കൽ (പ്രോ.നം 29/14)** | |
| 4 | പുളിമൂട്ടിയ കുന്നേൽ |
| 4 | കാടമുറി |
| 8 | തിയ്യാനി |
| 8 | ചുണ്ടമണ്ണിൻപടി |
| 10 | കാവുങ്കൽപടി |
| 11 | ശാന്തിനഗർ കോളനി |
| 12 | മുടിത്താനം |
| 6 | മാമ്പുഴക്കരി |

മേൽപറഞ്ഞ സ്ഥലങ്ങളിൽ കുഴൽക്കിണർ സ്ഥാപിച്ചിട്ടുണ്ടോ എന്നത് സംബന്ധിച്ച മോണിറ്ററിങ്ങ് സമിതി റിപ്പോർട്ട്, വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, GWD യിൽ നിന്നുള്ള വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിരുന്നില്ല. കുഴൽക്കിണർ സ്ഥാപിച്ചത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് യാതൊരു അറിവുമില്ല. തുക വിനിയോഗ/പ്രോജക്ട് പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവഴിച്ച 5,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-6 എസ് എസ് എ വിഹിതം ലഭിച്ചത് വിനിയോഗിക്കാതെ അവശേഷിക്കുന്നു

സെന്റ് ആദായീസ് ഗവ.എൽ പി സ്കൂളിന് അധിക ക്ലാസ് മുറി നിർമ്മിക്കുന്നതിനുവേണ്ടി എസ്.എസ്.എ യിൽ നിന്നും താഴെപ്പറയുന്ന വർഷങ്ങളിൽ ലഭിച്ച 310000/-രൂപ നാളിതുവരെ വിനിയോഗിക്കാതെ അവശേഷിക്കുന്നു.

2010-11 - 124000/-

2013-14 - 186000/-

ആകെ - 3100000/-

ടി തുക വിനിയോഗിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുകയോ തുക ആവശ്യമില്ലാത്തപക്ഷം തിരികെ നൽകുന്നതിനോ ഉള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പിച്ചനാട്ടുകുളം വനിതാവ്യവസായപരിശീലനകേന്ദ്രം-ലക്ഷ്യം കൈവരിച്ചില്ല.

| | |
|---|---|
| പ്രോജക്ട് നം | 112/14 |
| അടങ്കൽ | 13,19,349 (എസ്.സി.പി) |
| ചെലവ് | Ist part bill=8,06,084<br><br>IIndpartbill=3,37,356 DDNo-732458/ 6-3-13 |

| | |
|---|---|
| | IIIrd &final bill=78928<br><br>DD No—522947/16-7-13 |
| കരാറുകാരൻ | വർഗ്ഗീസ് കുര്യൻ |
| കരാർ നം | 6(a)/AE/LSGD/VKM dt 2/1/12 |

പട്ടികജാതി വിഭാഗത്തിൽപ്പെട്ട വനിതകൾക്ക് തൊഴിൽ പരിശീലനം നൽകുക എന്ന ഉദ്ദേശത്തോടെ 2011-12 വർഷം ആരംഭിച്ച പ്രോജക്റ്റായിരുന്നു ഇത്. ടെൻഡർ മുഖേന നടപ്പാക്കുന്നതിനായി 2010 ലെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും 2/1/12 ന് പ്രസ്തുത പ്രോജക്ടിനായി കരാർ വയ്ക്കുകയും ചെയ്തിരുന്നു. ഫോറം 4ലുള്ള കരാർ പ്രകാരം പൂർത്തീകരണകാലം 3മാസമായിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ 2/4/12 ന് പണികൾ പൂർത്തിയാക്കേണ്ടിയിരുന്നു. എന്നാൽ അവസാനപണികൾ പൂർത്തീകരിച്ച് അളവുകളെടുത്തിരിക്കുന്നത് 23/4/13ന് മാത്രമാണ്. ഒരു വർഷത്തിലധികം താമസിച്ചാണ് പണികൾ പൂർത്തിയാക്കിയതെങ്കിലും ഫൈനൽ ബില്ലിൽ നിന്നും കാലതാമസത്തിന് പിഴ ഈടാക്കിയിരുന്നില്ല. കരാറുകാരൻ സപ്ലിമെന്ററി എഗ്രിമെന്റ് വച്ചിരുന്നില്ല. എസ്.സി.പി ഫണ്ട് ഉപയോഗിച്ച് നിർമ്മാണം പൂർത്തിയാക്കിയ പ്രസ്തുത കെട്ടിടത്തിൽ എസ്.സി. വനിതകൾക്ക് വ്യവസായപരിശീലനമൊന്നും നാളിതുവരെ നടത്തിയിട്ടില്ല.കരാറുകാരനിൽ നിന്നും പ്രവൃത്തി പൂർത്തീകരണത്തിനുണ്ടായ കാലതാമസത്തിന് പിഴ കണക്കാക്കിഇൗടാക്കേണ്ടതാണ്.അതോടൊപ്പം പ്രോജക്ടിലൂടെ വിഭാവനം ചെയ്ത ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.ആർജ്ജിച്ചആസ്തി നിഷ്ക്രിയമാകാതിരിക്കുന്നതിനുവേണ്ടി വിഷയം ഭരണസമിതിയുടെ സജീവ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-8 എസ്.എസ്.എ.വിഹിതം അടവാക്കിയത്-വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

പ്രോജക്ട്നം.S006/14 വികസനഫണ്ട്-13,00,000 ചെലവ്-13,00,000 ഡി.ഡി.നം.546620തീ.21.10.13

എസ്.എസ്.എ. പ്രവർത്തനങ്ങൾക്കായി ഗ്രാമപഞ്ചായത്ത് വിഹിതമായ13,00,000/രൂപ കോട്ടയം ജില്ലാ പ്രോജക്ട് ഓഫീസർക്ക്, നൽകിയിട്ടുണ്ടെങ്കിലും, ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടില്ല. വിനിയോഗസാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ 13,00,000രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 കന്നുകുട്ടി പരിപാലന പദ്ധതി

2013-14 സാമ്പത്തികവർഷം വെറ്ററിനറി സർജൻ നടപ്പിലാക്കിയ കന്നുകുട്ടിപരിപാലനപദ്ധതി(9/13-14) എന്ന പ്രോജക്ട് പ്രകാരം 3,12,500/- രൂപ (ഡി.ഡി.നം.546486 തീ/30.09.13) കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. പ്രോജക്ട് കാലാവധി 32 മാസമാകയാൽ അത് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് പദ്ധതിക്കായി 2013-14 സാമ്പത്തികവർഷം വരെ ആകെ 1361 കുടുംബങ്ങൾ രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡുകൾ കൈപ്പറ്റിയിട്ടുണ്ട്. 2013-14 സാമ്പത്തികവർഷം 137 കുടുംബങ്ങളാണ് പുതിയതായി രജിസ്റ്റർ ചെയ്തത്. 2013-14 സാമ്പത്തികവർഷത്തിൽ 42314 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ആകെ 155 പദ്ധതികൾ വിഭാവനം ചെയ്തതിൽ 114 പദ്ധതികൾ നടപ്പിലാക്കിയിരുന്നു. തൻവർഷം 8 പേർക്ക് 100 ദിവസം തൊഴിൽ നൽകിയിട്ടുണ്ട്.

# **ഭാഗം-4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും**

## **ഭാഗം -4**
## **പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും**
**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും**

## 4.1 സാമ്പത്തിക നില

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| എ | 7536470.00 | 22408791.00 | 29945261.00 | 23963938 | 5981323.00 |
| ബി | 0.00 | 11164289 | 11164289 | 11164289 | 0.00 |
| സി | 3179815.50 | 6190000 | 9369815.5 | 7947201 | 1422614 |

| | | | | | |
|---|---|---|---|---|---|
| ഡി &എഫ് | 3581526 | 16071932 | 19653458 | 15412159 | 4241299 |
| ഇ | 130970 | 4726309 | 4857279 | 4731508 | 125771 |
| ജി | ------- | --------- | ----------- | ----------- | ----------- |
| ആകെ | 14428781.50 | 60561321 | 74990102.50 | 63219095 | 11771007.50 |

നീക്കിയിരിപ്പിന്റെ വിശദാംശം (വാർഷിക കണക്കുകൾ പ്രകാരം)

| ബാങ്ക്/ട്രഷറി | അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് തുക |
|---|---|---|
| വി.പി.എഫ്.എ I | | 2124442 |
| ഡിസിബി പെൻഷൻ | | 213 |
| ഡിസിബി പെൻഷൻ1 | | 17792 |
| തൊഴിലുറപ്പ്പദ്ധതി (എസ്.ബി.റ്റി) | | 25771 |
| തനത്ഫണ്ട് (എസ്.സി.ബി) | | 1899635 |
| എം.എൻ.ലക്ഷംവീട് | | 118532 |
| ഡിസിബി എസ്ജിആർവൈ | | 100000 |
| വി.പി.എഫ്.എ II(a) | | 2212256 |
| വി.പി.എഫ്.എII(b) | | 2410337 |
| വി.പി.എഫ്.എII(c) | | 246741 |
| വി.പി.എഫ്.എ III | | 1422614.50 |
| വി.പി.എഫ്.എ IV | | 260949 |
| വി.പി.എഫ്.എ V | | 851040 |
| കാഷ് ഇൻ ഹാൻഡ് | | 80685 |
| ആകെ | | 11771007.50 |

## വാർഷിക കണക്കുകളുടെ അവലോകനം

1) വാർഷിക കണക്കിൽ കാണിച്ചിട്ടുള്ള കിട്ടാനുള്ള തുകകൾ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡിമാന്റ്/ കുടിശ്ശിക ഡിമാന്റ് രജിസ്റ്ററുകളുമായി പൊരുത്തപ്പെടുന്നില്ല.

2) ബാലൻസ് ഷീറ്റ് പ്രകാരം വാറ്റ് ഇനത്തിൽ 4578/ രൂപ സർക്കാരിലേക്ക് അടയ്ക്കാനുള്ളതായി കാണിച്ചിരിക്കുന്നു.എന്നാൽ ഈ തുകയിൽ ഉൾപ്പെട്ട 1051/- രൂപ (പഴയഓഫീസ് വാഹനം ലേലം സംബ)30.8.13 ലെ 21300304 വൗച്ചർ പ്രകാരം കേന്ദ്രസർക്കാരിലേക്ക് അടച്ചിട്ടുള്ളതാണ്. ആകയാൽ പ്രസ്തുതയിനത്തിലെ നീക്കിയിരിപ്പ് തുക പുനർനിർണ്ണയിക്കേണ്ടതാണ്.

3) ബാലൻസ് ഷീറ്റിലെ ബി4 പത്രികയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള പ്രത്യേക ഗ്രാന്റുകൾ എന്ന ശീർഷകത്തിൻ കീഴിൽ 5,35,981/- രൂപ വിനിയോഗിക്കാൻ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 2,01,816/- രൂപ സംയോജിത ശിശുവികസന പദ്ധതി വിഹിതമാണ്. ഈ തുക ഇതേ പട്ടികയിലെ 320100121 കണക്ക് ശീർഷകത്തിൽപ്പെട്ട 7,60,600/- രൂപയിൽ ഉൾപ്പെടുന്നുണ്ട്. ഇതനുസരിച്ചുള്ള തിരുത്തലുകൾ പിന്നീട് വരുത്തിയെങ്കിലും 3,34,165/- രൂപയുടെ (535981-201816) സ്രോതസ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 4.2 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തിരികെ ഈടാക്കിയ തുക | | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി | ഏത് ഫണ്ടിൽ തിരിച്ചടച്ചു | ചെലാൻ നമ്പർ , തീയതി |
|---|---|---|---|---|---|---|---|
| | | വരവ് നഷ്ടം | ചെലവ് നഷ്ടം | | | | |
| 2008-09 | 3-3 | | 6100 | ശ്രീ ബാബു മാത്യു,സെക്രട്ടറി | 1130410272/21.12.2013 | തനത് ഫണ്ട് | |

**4.3 ഓഡിറ്റ് പ്രത്യവലോകനം**

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 60561321 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 63219095 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 5746 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1956051 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം. | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 3-2 | | 5746 | ശ്രീമതി രശ്മി എസ്.കുമാർ, അസി.എഞ്ചിനീയർ |
| ആകെ | | 5746 | |

സി) തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 98551 | ശ്രീമതി രശ്മി എസ്.കുമാർ, അസി.എഞ്ചിനീയർ<br>ശ്രീ.വിനയദാസ്, അസി.എഞ്ചിനീയർ |
| 3-4 | 57500 | ശ്രീമതി ഷൈല ഇ, വി.ഇ.ഒ. |
| 3-5 | 500000 | ശ്രീമതി രശ്മി എസ്.കുമാർ, അസി.എഞ്ചിനീയർ |
| 3-8 | 1300000 | ശ്രീ.രാജ്കുമാർ ജി, സെക്രട്ടറി |
| ആകെ | 1956051 | |

ഡി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം :ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ ഖണ്ഡിക നമ്പർ :3-1, 3-7

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയം ) ഔദ്യോഗിക വിലാസം | സ്ഥിരം വിലാസം |
|---|---|---|
| ശ്രീമതി രശ്മി എസ്.കുമാർ, അസി.എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, വാകത്താനം ഗ്രാമപഞ്ചായത്ത് | വാലേപ്പറമ്പിൽ, വടവാതൂർ പി.ഒ, കോട്ടയം |

**4-4) തീർപ്പാക്കാൻ അവശേഷിയ്ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ**

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1993-94 | എൽ.എഫ്. കെ. പി 8/388/96/11.1.10/8.3.10 |
| 96-97 | എൽ.എഫ്. കെ. പി 3/63/1.5.14 |
| 97-98 (ചെലവ്) | എൽ.എഫ്. കെ. പി 8/217/03 |
| 1999-2000 | എൽ.എഫ്. കെ. പി 3/അദാ/31.5.14 |
| 98-99 ചെലവ് | എൽ.എഫ്. കെ. പി 8/994/00/5.1.01/7.5.02 |
| 1.4.98-30.6.98<br>(ജനകീയാസൂത്രണം) | എൽ.എഫ്. കെ. പി 8/462/00/16.11.02 |
| 00-01, 01-02 | എൽ.എഫ്. കെ. പി 3/അദാ/2014/7.6.14 |
| 02-03 ചെലവ് | എൽ.എഫ്. കെ. പി 8/22/05/1.04.05 |
| 02-03വരവ് | എൽ.എഫ്. കെ. പി 8/123/08/2.5.09/6.7.09 |
| 03-04വരവ് | എൽ.എഫ്. കെ. പി 8/124/08/29.12.09/8.3.10 |
| 03-04 ചെലവ് | എൽ.എഫ്. കെ. പി 8/685/06/13.2.07/6.3.07 |
| 1994-95,95-96 | എൽ.എഫ്. കെ. പി 8/885/08/31.3.09/13.4.09 |
| 1998-99(വരവ്) | എൽ.എഫ്. കെ. പി 1/190(അദാ)22.2.11 |
| 2001-02(പ്ലാൻ ഒഴികെ) | എൽ.എഫ്. കെ. പി 3/അദാ/2014/31.5.14 |
| 1997-98(ഡി. സി. ബി) | എൽ.എഫ്. കെ. പി 3/289/2014/അദാ/31.5.14 |
| 2004-05 | എൽ.എഫ്. കെ. പി 1/190/(അദാ)/22.2.11 |
| 2005-06 | എൽ.എഫ്. കെ. പി3/1405/12/12.7.13 |
| 2006-07 | എൽ.എഫ്. കെ. പി8/567/2010/14.6.12/16.6.12 |
| 2007-08 | എൽ.എഫ്. കെ. പി 3/710/13/12.9.13 |
| 2008-09 | എൽ.എഫ്. കെ. പി 3/221/13/13.9.13/4.11.13 |
| 2009-10 | എൽ,എഫ്. കെ. പി.3/690/2011/9.1.13 |
| 2010-11 | എൽ,എഫ്. കെ. പി.3/813/2012/17.4.13/7.5.13 |
| 2011-12 | എൽ,എഫ്. കെ. പി.3/1201/2013/21.8.13/9.1.14 |
| 2012-13 | എൽ,എഫ്. കെ. പി.3/1137/14/07.11.14 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പക്കാൻ അടിയന്തി

ര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4.5) ചാർജ് / സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

എ) ചാർജ് / സർചാർജ് നോട്ടിസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം ;ഇല്ല

ബി) ചാർജ് / സർചാർജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ / ഈടാക്കിയ തുകയുടെ വിവരം

ഇല്ല

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ല ഓഫീസ്, കോട്ടയം

**അനുബന്ധം 1**

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2013-14ലെ വാർഷിക ധനകാര്യപത്രിക ഞാൻ പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-1 ൽ വിവരിക്കുന്ന അപാകതകൾ ഒഴിച്ചാൽ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് വാകത്താനം ഗ്രാമപഞ്ചായത്തിന്റെ 2013-14 വർഷത്തെ വരവുചെലവുകണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നതായി അഭിപ്രായപ്പെടുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പും 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 ഉം അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ

ലോക്കൽ ഫണ്ട് ഓഡിറ്റ് ജില്ലാ ഓഫീസ്, കോട്ടയം